(ബി) ഇനി എത്ര സ്ക്കൂളുകൾക്ക് അംഗീകാരം നൽകാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(സി) അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡം ആരാണ് നിർണ്ണയിക്കുന്നത്?

ഉത്തരം

(എ) അപ്ഗ്രഡേഷൻ ഉൾപ്പെടെ 484 അൺ എയ്ഡഡ് സ്ക്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) കേരള വിദ്യാഭ്യാസ ചട്ടങ്ങളും നിയമവും അനുസരിച്ചാണ് സ്ക്കൂളുകൾക്ക് അംഗീകാരം നൽകുന്നത്.

സംസ്ഥാനത്ത് അൺ എയ്ഡഡ് സ്ക്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ

84 [1494] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരോ ജില്ലയിലും അൺ എയ്ഡഡ് മേഖലയിൽ എത്ര ലോവർ പ്രൈമറി, പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്ക്കൂളുകൾ, ഹയർ സെക്കന്ററി സ്ക്കൂളുകൾ വീതം പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സ്ക്കൂളുകളിൽ ഭീമമായ തുക സംഭാവനയായും ഫീസായും ഈടാക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് അൺ എയ്ഡഡ് സ്ക്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അൺ എയ്ഡഡ് സ്ക്കൂളുകൾക്ക് അംഗീകാരം നൽകിയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് അൺ എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സ്ക്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി വച്ചിട്ടുണ്ട്.†

(ബി) പരിശോധിക്കുന്നതാണ്.

(സി) കേരള വിദ്യാഭ്യാസ നിയമത്തിലെ അദ്ധ്യായം അഞ്ച് റൂൾ 2-നു വിധേയമായി അംഗീകാരം നൽകാൻ ഉദ്ദേശിക്കുന്ന സ്ക്കൂളുകൾക്ക് അടുത്തുള്ള സ്ക്കൂളുകൾ, ആ സ്ക്കൂളിലെ കുട്ടികളുടെ എണ്ണം, ദൂരം, ആ പ്രദേശത്തെ വിദ്യാഭ്യാസ ആവശ്യകത, മറ്റ് സ്ക്കൂളുകളുടെ നിലനിൽപ്പിനെ ബാധിക്കാതിരിക്കൽ എന്നീ കാര്യങ്ങൾ കണക്കിലെടുത്താണ് സ്ക്കൂളുകൾക്ക് അംഗീകാരം നൽകുന്നത്.

† അനുബന്ധം III കാണുക

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അപ്ഗ്രഡേഷൻ ഉൾപ്പെടെ 484 അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

അടച്ചുപൂട്ടിയ സ്കൂളുകളും ജോലി നഷ്ടപ്പെട്ട അദ്ധ്യാപകരും

85 [1495] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടച്ചുപൂട്ടിയ സ്കൂളുകളിലെ 5 വർഷത്തിൽ കുറവ് സർവ്വീസുള്ള അദ്ധ്യാപകരെ പുനർ വിന്യസിക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) 5 വർഷത്തിൽ കുറവ് സർവ്വീസുള്ള എത്ര അധ്യാപകർക്കാണ് സ്കൂൾ അടച്ചുപൂട്ടിയതുമൂലം ജോലി നഷ്ടപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) വ്യക്തിഗത മാനേജ്മെന്റിന് കീഴിലുള്ള 12 അദ്ധ്യാപകർക്കാണ് ജോലി നഷ്ടപ്പെട്ടിട്ടുള്ളത്.

സ്കൂളുകളിലെ കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് യൂണിറ്റുകൾ

86 [1496] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. വി. ഡി. സതീശൻ:
" വർക്കല കഹാർ:
" ലൂഡി ലൂയിസ്:
" എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഈ യൂണിറ്റുകളിൽ കൗൺസിലിംഗ് നടത്തുന്നതിന് പ്രൊഫഷണൽ കൗൺസിലർമാരെ നിയമിച്ചിട്ടുണ്ടോ;

(സി) ഈ യൂണിറ്റുകളിൽ കൗൺസിലിംഗ് നടത്തുന്നവരുടെ യോഗ്യത എന്തെല്ലാമാണ്;

(ഡി) ഇത്തരത്തിൽപ്പെട്ട കൂടുതൽ യൂണിറ്റുകൾ ആരംഭിക്കാനുദ്ദേശമുണ്ടോ?

ഉത്തരം

(എ)—(ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly